(ബി) നിയമനം ലഭിച്ചവരിൽ മുൻ സർക്കാരിന്റെ കാലത്ത് അഡ്വൈസ് ചെയ്ത എത്രപേരുണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഒരാളെപ്പോലും നിയമിക്കാതെ ഏതെങ്കിലും റാങ്ക് ലിസ്റ്റ് ക്യാൻസലായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടും നിയമനം ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

കാലാവധി ദീർഘിപ്പിച്ച റാങ്ക് ലിസ്റ്റുകൾ

28 [28] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എസ്. സി. തയ്യാറാക്കിയ ഏതെല്ലാം റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാനുള്ള കാരണമെന്ത്;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവയിൽ ഏതിലെല്ലാമാണ് നാളിതുവരെ നിയമനം നടത്താത്തതെന്ന് പറയാമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിന് പി. എസ്. സി. അഡ്വൈസ് മെമ്മോ അയച്ചിട്ടും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ നിയമനം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly